**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2289** **06-07-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യസുരക്ഷ പെൻഷനുള്ള മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മസ്റ്ററിംഗ് നടത്താൻ കഴിയാതെ വന്നതിനാൽ എത്ര ഗുണഭോക്താക്കൾക്ക് സാമൂഹ്യസുരക്ഷ പെൻഷൻ മുടങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 1,67,620 പേരുടെ പെൻഷൻ തടയപ്പെട്ടിട്ടുണ്ട്. ഇതിൽ വിവിധ കാരണങ്ങളാൽ പെൻഷന് അർഹതയില്ലാത്തവരും മരണപ്പെട്ടവരും ഉൾപ്പെട്ടിട്ടുള്ളതിനാൽ, അർഹതപ്പെട്ടവർ മസ്റ്റർ ചെയ്യുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. |
| (ബി) | ശാരീരികമായ അവശത മൂലം മസ്റ്ററിംഗ് ചെയ്യാൻ കഴിയാതെ വന്നവർക്ക് മസ്റ്ററിംഗ് നടത്തുന്നതിന് എന്തൊക്കെ സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ബയോമെട്രിക് മസ്റ്ററിംഗിന് അവസരം നൽകിയിട്ടുള്ള വേളകളിൽ വിവിധ കാരണങ്ങളാൽ അക്ഷയകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത കിടപ്പ് രോഗികൾ, 80 വയസ്സിനുമേൽ പ്രായമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ മുതലായ പെൻഷൻ ഗുണഭോക്താക്കൾ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ രേഖാമൂലം അറിയിക്കുന്ന പക്ഷം അക്ഷയകേന്ദ്രം പ്രതിനിധികൾ വീട്ടിലെത്തി മസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ആധാർ ഉണ്ടെങ്കിലും വിവിധ കാരണങ്ങളാൽ മസ്റ്റർ ചെയ്യാൻ കഴിയാത്തവരുടേയും നെറ്റ് വർക്ക് കിട്ടാത്ത പ്രദേശങ്ങളിൽ താമസിക്കുന്ന കിടപ്പ രോഗികൾ ഉൾപ്പെടെയുള്ളവരുടേയും വിഷയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ഉത്തമബോധ്യമുള്ള പക്ഷം ആധാർ ഫെയിൽ ആകാതെ തന്നെ യഥാർത്ഥ കാരണം രേഖപ്പെടുത്തി ഇത്തരക്കാരുടെ മസ്റ്ററിങ് നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ